ഉദ്ദേശ്യങ്ങൾക്കനുസരിച്ചാണ് കർമ്മങ്ങൾ. മനസ്സിലിരിപ്പ് പുറത്തറിയിച്ചില്ലെങ്കിലും പ്രവൃത്തി അത് വെളിപ്പെടുത്തും. കർമ്മത്തിലൂടെ മനസ്സാണ് പ്രകടമാകുന്നത്.

നിഷ്കളങ്കമായി കർമം ചെയ്യുന്ന ഒരാളുടെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്നതിനർഥം അയാളെ പരിഹസിക്കുകയത്രെ.

കർമ്മങ്ങൾ ദുരൂഹമാകരുത്. വാക്കുകൾ വളച്ചു കെട്ടില്ലാത്തതാകണം.

മനസ്സിൽ ഒരു കാര്യം ഗൂഢമായി നിശ്ചയിക്കുക, കർമ്മം തുടക്കത്തിൽ നല്ലതും മെല്ലെ മെല്ലെ തന്റെ ഗൂഢതന്ത്രത്തിലേക്ക് എത്തിക്കുകയും ചെയ്യുക. ഇതത്രെ കാപട്യം.

ചെയ്യുന്ന കാര്യം ഒരിക്കലും സംശയത്തിന് അവസരം നൽകുന്നതാകരുത്. മറ്റുള്ളവർക്ക് സംശയം തോന്നുന്നതാണെങ്കിൽ അത്തരം പ്രവൃത്തികളിൽ ഏർപ്പെടുകയും ചെയ്യരുത്.

സംശയത്തിന്റെ സാഹചര്യത്തിൽ ചെയ്യുന്ന ഒരു കാര്യവും നല്ല രീതിയിൽ ചെയ്തു തീർക്കാൻ സാധിക്കുകയില്ല. ഓരോന്നിനും അതിന്റേതായ സാഹചര്യം കാത്തുസൂക്ഷിക്കണം.

ഉദ്ദേശ്യശുദ്ധിയുള്ളവനാണെങ്കിൽ അവന്റെ കർമ്മം ധീരമായിരിക്കും. ഇടപെടലുകൾ ശക്തമായിരിക്കും. ആക്ഷേപിക്കുന്നവരെ അവൻ ഭയപ്പെടുകയില്ല. നേരെ വിപരീതമാണെങ്കിൽ അത് പ്രയാസങ്ങൾ ഉണ്ടാക്കും.

താളം തെറ്റുന്ന ചില കാര്യങ്ങളുണ്ട്. ജനങ്ങൾ അതിന്റെ ഉദ്ദേശ്യശുദ്ധിയെയും സാഹചര്യങ്ങളെയും ചോദ്യം ചെയ്യും. അതിനാൽ ഉദ്ദേശ്യങ്ങളെ പരമാവധി ശുദ്ധിയാക്കുക. കർമ്മം നല്ലതായിത്തീരും.

ചില കർമ്മങ്ങളുടെ ഉദ്ദേശ്യശുദ്ധി നന്നായാലും ജനം സംശയിക്കും. രീതിയാണ് അവിടെ പ്രധാനം. ഉദ്ദേശ്യം പോലെ കർമ്മരീതിയും നല്ലതായിരിക്കണം.

അറിഞ്ഞു ചെയ്യുകയെന്നതാണ് പ്രധാനം. ഓരോ കാര്യത്തിൽനിന്നും പാഠമുൾക്കൊള്ളാനും ശ്രമിക്കണം.

സ്വാർഥം ഒരു കാര്യത്തിലും ഉണ്ടാകരുത്. ജനങ്ങളാണ് കർമ്മങ്ങളുടെ മുമ്പിൽ ഉണ്ടാകേണ്ടത്. അവരാണല്ലോ അതിന്റെ നിരൂപകർ.

പിശാചിൽനിന്നുണ്ടാകുന്ന ദേഹേഛയും ദേഹേഛയിൽനിന്നുണ്ടാകുന്ന ഉദ്ദേശ്യവും അതിൽനിന്നുണ്ടാകുന്ന കർമ്മവും ലക്ഷ്യം കാണുകയില്ല.

ഐകകണ്ഠ്യേന ഒരു കാര്യവും നടപ്പിലാക്കരുത്. സാമൂഹിക കാര്യങ്ങൾ അറിവുള്ളവരുമായും കുടുംബകാര്യം കുടുംബവുമായും കൂടിയാലോചിച്ചു മാത്രമേ തീരുമാനിക്കാവൂ.

ഉദ്ദേശ്യം ശക്തമാകണം. ദൗർബല്യം ലക്ഷ്യത്തിൽനിന്ന് തെറ്റിക്കും. അസാധാരണമല്ലാത്ത പ്രതിബന്ധങ്ങൾക്ക് മുമ്പിൽ പിന്തിരിയുന്നവന്റെ ഉദ്ദേശ്യം ദുർബലവും അവന്റെ മനസ്സ് ചഞ്ചലവുമാകുന്നു.

കർമ്മത്തിലും വാക്കിലും ജനം വിശ്വസിക്കുന്നവനാണ് ഉദ്ദേശ്യശുദ്ധിയിൽ നല്ലവൻ. ദൈവം അവനെ ഇഷ്ടപ്പെടുന്നു.

കർമ്മശുദ്ധിയാണ് മാന്യതയുടെ അടയാളം. ഒന്ന് ഉദ്ദേശിച്ചു മറ്റൊന്ന് ചെയ്യാവതല്ല. അതത്രെ കാപട്യം. ഉദ്ദേശ്യം ദുർബലമായാൽ കർമവും താളം തെറ്റും. ഉദ്ദേശ്യം മാറുന്നതോടെ കർമം അവസാനിക്കും.

ഉദ്ദേശ്യം ദൈവവുമായി ബന്ധപ്പെട്ടതാണ്. കർമ്മത്തിലൂടെ ജനത്തെ ചതിക്കുന്നവൻ ആദ്യം ചെയ്യുന്നത് ദൈവത്തെ വഞ്ചിക്കുകയാണ്.

നല്ലതല്ലാത്ത ഉദ്ദേശ്യത്തിലൂടെ തെറ്റിദ്ധരിപ്പിച്ചുള്ള കർമ്മം ഉദ്ദേശ്യത്തിലേക്കെത്തിക്കുകയില്ല.

ഉദ്ദേശ്യശുദ്ധിയില്ലാതെ പ്രവർത്തിക്കുന്നവന്റെ കർമ്മം കള നിറഞ്ഞ കൃഷി പോലെയാണ്. തെറ്റും ശരിയും അതിൽനിന്ന് വേർതിരിച്ചെടുക്കാൻ കഴിയാതെയാകും. സത്യസന്ധവും ധീരവുമായ കർമങ്ങൾക്കാണ് സമൂഹത്തിൽ സ്വാധീനം നേടാൻ സാധിക്കുക.

ജീവിതകർമങ്ങളിൽ ദൈവികനീതിയും അവന്റെ താൽപര്യവും പാലിക്കുക എന്നതാണ് അടിസ്ഥാനം. അത് പാലിച്ചില്ലെങ്കിൽ പിശാച് നമ്മെ നിഷിദ്ധങ്ങളിൽ വ്യാപൃതരാക്കും.

സ്വന്തം കർമ്മങ്ങളെ ഒരിക്കലും പ്രശംസിക്കരുത്. ഉദ്ദേശ്യശുദ്ധിയിൽ സംഭവിക്കാവുന്ന തകരാറുകളെയാണ് പരിഗണിക്കേണ്ടത്. തെറ്റുകൾ തിരുത്തുമ്പോഴാണ് കർമ്മം നന്നാവുകയും ഫലം നല്ലതുമാവുക.

ധനാർത്തി ഒരിക്കലും കർമ്മങ്ങളെ സ്വാധീനിക്കരുത്. അത് മനസ്സിന്റെ ഉദ്ദേശ്യശുദ്ധിയെ നശിപ്പിക്കും. നന്മയോടുള്ള പ്രതിപത്തി കുറക്കും. അത്തരക്കാരുടെ പ്രവൃത്തി ജനം പെട്ടെന്ന് വിശ്വസിക്കുകയില്ല.

ഒരു കർമ്മത്തെ സംബന്ധിച്ച ഉദ്ദേശ്യവും പ്ലാനും നേരത്തെ തയാറാക്കണം. ഇല്ലെങ്കിൽ വ്യക്തിപരമായി ജനത്തിന് ആക്ഷേപത്തിന് വഴിയൊരുക്കുകയാണ് ചെയ്യുന്നത്. പ്ലാനോടു കൂടിയുള്ള കർമ്മം ജനത്തിന് സംതൃപ്തിയേകും.

സ്വയം ചെയ്യുന്ന നല്ല കാര്യങ്ങളെ ഒരിക്കലും സ്വയം പുകഴ്ത്തുകയോ പരസ്യപ്പെടുത്തുകയോ ചെയ്യരുത്. മറ്റുള്ളവർ ചെയ്യുന്നതിനെ പുകഴ്ത്തുകയും പരസ്യപ്പെടുത്തുകയും ചെയ്യുക.

ജീവിച്ചാൽ പോരാ, ഇങ്ങനെ ഒരാൾ ജീവിച്ചിരുന്നുവെന്ന് ജനം നല്ല രീതിയിൽ സ്മരിക്കുകയും വേണം. കർമങ്ങളാണ് അതിന് കൂടുതൽ സഹായിക്കുന്നത്. നല്ല മനസ്ഥിതിക്കാർക്കേ അത്തരത്തിൽ ജീവിക്കാൻ സാധിക്കുകയുള്ളൂ.